ഉത്തരം

അർഹതപ്പെട്ട മിനിമം വേജസ് ലഭിക്കാത്ത ഹോസ്റ്റൽ തൊഴിലാളികൾക്ക് മിനിമം വേജസ് ലഭിക്കുന്നതിനുവേണ്ടി ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുവാനും മെറേണിറ്റി ബനിഫിറ്റ് ആക്റ്റ്, കമേർഷ്യൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ട് എന്നിവ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നിഷേധിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ച്, അവ നടപ്പിലാക്കാൻ സത്വര നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥനു് (ജോയിൻറ് ലേബർ കമ്മീഷണർ, എറണാകുളം) നിർദ്ദേശം നൽകിയിട്ടുണ്ട്.

കരകുളം കെൽട്രോൺ ഡിവിഷനിലെ തൊഴിൽ തർക്കം

36 [2228] ശ്രീ. ആനത്തലവട്ടം ആനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകുളം കെൽട്രോൺ ഡിവിഷനുകളിൽ പ്രവർത്തിക്കുന്ന പി.ഇ.എഫ്. കപ്പാസിറേഴ്സിൽ ഇപ്പോഴും ഏതെങ്കിലും തരത്തിലുള്ള തൊഴിൽ പ്രശ്നം നിലവിലുണ്ടോ;

(ബി) എങ്കിൽ എന്താണെന്ന് വിശദമാക്കുമോ;

(സി) കപ്പാസിറേഴ്സ് എംപ്ലോയീസ് അസോസിയേഷൻ 25-8-1990-ൽ സർക്കാരിന് സമർപ്പിച്ച പരാതിയിൻമേൽ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) കെൽട്രോണിൻെറ കരകുളം യൂണിറ്റിൻെറ സ്ഥലത്ത് പ്രവർത്തിച്ചുവന്ന പി.ഇ.എഫ്. കപ്പാസിറേഴ്സ് എന്ന വ്യവസായ സ്ഥാപനം (ടി സ്ഥാപനത്തിന് കെൽട്രോണുമായി ബന്ധമില്ലെന്നും അതിനാൽ അതിൻെറ യാതൊരു ഉത്തരവാദിത്വവും ഏറെടുക്കുവാൻ തയ്യാറല്ലെന്നുമാണ് കെൽട്രോൺ മാനേജ്മെൻറിൻെറ അഭിപ്രായം) 24-8-1990 മുതൽ ലേ ഓഫ് ചെയ്തതാണ് ഇപ്പോഴും നിലനിൽക്കുന്ന പ്രധാന പ്രശ്നം.

(സി) ഉണ്ട്.

(ഡി) ഈ തൊഴിൽപ്രശ്നം സംബന്ധിച്ച് തൊഴിൽ വകുപ്പിൽ നിരവധി തവണ അനുരഞ്ജന ചർച്ചകളും നടത്തി. എന്നിട്ടും ഒരു ഒത്തുതീർപ്പിലെത്താത്തതിനാൽ ടി പ്രശ്നം കൊല്ലം ലേബർ കോടതിയുടെ വിധിന്യായത്തിനായി വിട്ടിരിക്കുകയാണ്.

കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയിലെ തൊഴിലാളികളുടെ ഡിമാൻറുകൾ

37 [2229] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ കുണ്ടറ യൂണിറ്റിലെ തൊഴിലാളികൾ നടത്തിവരുന്ന സമരം ഒത്തുതീർപ്പാക്കാൻ ഗവൺമെൻറ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൊഴിലാളികളുടെ ന്യായമായ ഡിമാൻറുകൾ മാനേജ്മെൻറിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആൻഡ് ബി) ഈ തൊഴിൽ തർക്കം പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പ് അധികൃതരും വ്യവസായ വകുപ്പുമന്ത്രിയും ഇടപെട്ട് ബന്ധപ്പെട്ടവരുടെ സമ്മേളനങ്ങൾ വിളിച്ചു കൂട്ടുകയുണ്ടായി. 27-3-1991-ൽ വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ സമ്മേളനത്തിൽ പ്രസ്തുത തൊഴിൽതർക്കം ഒത്തുതീർപ്പാക്കുകയും അതനുസരിച്ച് തൊഴിലാളികൾ ജോലിക്ക് ഹാജരാവുകയും ചെയ്തിട്ടുള്ളതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ട്.

ക്രമക്കേട് കാണിച്ച ജീവനക്കാർക്കെതിരെ നടപടി

38 [2230] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മാ വേതനം കൊടുക്കുന്നതിൽ ക്രമക്കേട് കാണിച്ച എത്ര ജീവനക്കാർക്കെതിരെ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം നടപടി എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) അതിൻെറ പേരിൽ ആരെയെങ്കിലും സർവീസിൽനിന്നും നീക്കം ചെയ്തിട്ടുണ്ടോ; എത്ര പേരെ സസ്പെൻറ് ചെയ്തിട്ടുണ്ട്;

(സി) ആർക്കെങ്കിലും എതിരെ ക്രിമിനൽ കുറ്റം ചുമത്തി കേസ് എടുത്തിട്ടുണ്ടോ; അതിൻെറ അടിസ്ഥാനത്തിൽ ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 4 കേസ്സുകളിലായി 14 ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

ട്രേഡ് അപ്രൻറീസുകളുടെ പരിശീലനം

39 [2231] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രേഡ് അപ്രൻറീസുകളുടെ പരിശീലന കാലാവധി പൂർത്തിയാക്കിയവരെ അതാതു യൂണിറ്റിലുണ്ടാകുന്ന 50 ശതമാനം ഒഴിവുകളിൽ നിയമിക്കണം എന്ന് സർക്കാർ നിർദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(സി) ഇതനുസരിച്ച് ഈ സാമ്പത്തികവർഷം സംസ്ഥാനത്ത്, ഏതെല്ലാം സ്ഥാപനങ്ങളിൽ ഇതു നടപ്പാക്കി; ഇതു വഴി എത്ര പേർക്ക് പ്രയോജനം കിട്ടി;

LIBRARY ARCHIVES Kerala Legislative Assembly